**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6284** **20.11.2019-ലെ മറുപടി**

## ഊരകം പതിയാർകുളങ്ങരയിലെ കുടിവെള്ള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുരളി പെരുനെല്ലി** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പതിയാർകുളങ്ങരയിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഊരകം പതിയാർകുളങ്ങരയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് 12 ലക്ഷം രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കിണർ വൃത്തിയാക്കൽ, യീൽഡ് ടെസ്റ്റ്, പമ്പ്ഹൗസ് നിർമ്മാണം, സെൻട്രിഫ്യൂഗൽ മോട്ടോർ, പ്രഷർ ഫിൽട്ടർ, ക്ലോറിനേഷൻ യൂണിറ്റ് സ്ഥാപിക്കൽ, പമ്പിങ് മെയിൻ സ്ഥാപിക്കൽ എന്നിവയാണ് പ്രസ്തുത പ്രവൃത്തിയുടെ ഘടകങ്ങൾ. ഇതിൽ പ്രഷർ ഫിൽട്ടർ സ്ഥാപിക്കൽ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയായി. പ്രഷർ ഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | പ്രസ്തുത പദ്ധതി ഡിസംബർ മാസത്തിൽ പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Renuka Sankar
സെക്ഷൻ ഓഫീസർ